# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3161

21.08.2017 - ൽ മറുപടിക്ക്.

## അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.അടൂർ പ്രകാശ്

**ഉത്തരം**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(എ) ദിശ 2017 എന്ന വിപുലമായ ക്യാമ്പെയിൻ 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ സംഘടിപ്പിക്കുകയുണ്ടായി.

ദിശ ക്യാമ്പെയിന്റെ ഭാഗമായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിൽ വയോജനം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ് ജെന്റർ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇപ്രകാരം രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് നൽകുന്നതിനായി 4.50 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർനിർണ്ണയം നടത്തുന്നതിനും വേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയക്ക് തുടക്കം കുറിക്കുന്നതിന് ആലോചിക്കുന്നു. 'കുടുംബശ്രീ സ്ക്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ അനൗപചാരികവിദ്യാഭ്യാസ പരിപാടി 2,77,175 അയൽക്കൂട്ടങ്ങളിലെ 43,06,976 അംഗങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ടാണ് സംഘടിപ്പിക്കുന്നത്. ഇത്രയധികം ആളുകളെ ഒരൊറ്റ സമൂഹാധിഷ്ഠിത പഠന സംവിധാനത്തിന്റെ ഭാഗമാക്കുന്നത് ലോകത്തു തന്നെ

അപൂർവ്വമായ അനുഭവമായിരിക്കും. ഒരു വാർഡിൽ ആറ് കമ്മ്യൂണിറ്റി അധ്യാപകരെ വീതം തിരഞ്ഞെടുത്ത് ഇപ്രകാരം സംസ്ഥാനത്താകെ 19,854 എഡിഎസ്സുകളിലായി 1,19,124 അധ്യാപകർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകും. രണ്ടു മണിക്കൂർ വീതമുള്ള ആറ് ക്ലാസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം ആകെ പന്ത്രണ്ട് മണിക്കൂർ ക്ലാസ്സാണ് ഓരോ അയൽക്കൂട്ടത്തിനും ലഭിക്കുന്നത്.

(ബി) അയൽക്കൂട്ടത്തിലേക്ക് എത്ര കുടുംബങ്ങളെക്കൂടി ചേർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3,09,602 കുടുംബങ്ങൾ പുതുതായി അയൽക്കൂട്ടങ്ങളിലേക്ക് വന്നിട്ടുണ്ട്.

(സി) എത്ര പുതിയ അയൽക്കൂട്ടങ്ങളാണ് തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 19,110 പുതിയ അയൽക്കൂട്ടങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഏതെല്ലാം വിഭാഗക്കാരെയാണ് പുതുതായി അയൽക്കൂട്ടത്തിൽ ചേർത്തതെന്ന് വ്യക്തമാക്കാമോ?

(ഡി) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ, ന്യൂനപക്ഷങ്ങൾ, തീരദേശവാസികൾ, വിധവകൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ